**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5565** **03-11-2021 - ല്‍ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷന്‍ കട പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** |
| (എ) | ആദിവാസി മേഖലയില്‍ റേഷന്‍ സാധനങ്ങള്‍ എത്തിച്ചു നല്‍കുന്നതിനായി രൂപീകരിച്ച സഞ്ചരിക്കുന്ന റേഷന്‍ കട പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ സര്‍ക്കാര്‍ നിരീക്ഷിക്കുന്നുണ്ടോ; | (എ) | വനാതിര്‍ത്തിക്കുള്ളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും വസിക്കുന്ന പട്ടിക വര്‍ഗ്ഗ വിഭാഗങ്ങള്‍ക്ക് റേഷന്‍ സാധനങ്ങള്‍ എത്തിച്ചു നല്‍കുന്നതിന് സംസ്ഥാന സര്‍ക്കാര്‍ ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷന്‍ കട' പദ്ധതി എട്ടു ജില്ലകളില്‍ നടപ്പിലാക്കിയിട്ടുണ്ട്. റേഷന്‍ സാധനങ്ങള്‍ വാങ്ങുന്നതിന് വന്യ മൃഗ ശല്യം, വളരെ ദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിന്‍ പ്രദേശം, ഒറ്റപ്പെട്ട കോളനികള്‍ എന്നീ ക്ലേശഘടകങ്ങള്‍ പരിഗണിച്ച് അതാത് ജില്ലാ സപ്ലൈ ഓഫീസര്‍മാര്‍ സമര്‍പ്പിക്കുന്ന റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ ടെന്‍ഡര്‍ മുഖേന വാഹനസൗകര്യം ഏര്‍പ്പെടുത്തി ബന്ധപ്പെട്ട റേഷനിംഗ് ഇന്‍സ്പെക്ടര്‍മാരുടെ മേല്‍നോട്ടത്തില്‍ റേഷന്‍ വിതരണം നടത്തി വരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക സിവില്‍ സപ്ലൈസ് ഡയറക്ടര്‍ ത്രൈമാസ അലോട്ട്മെന്റ് ആയി ജില്ലാ സപ്ലൈ ഓഫീസര്‍മാര്‍ക്ക് അനുവദിച്ച് നല്‍കുന്നു. സഞ്ചരിക്കുന്ന റേഷന്‍കട പദ്ധതി വകുപ്പിന്റെ പൂര്‍ണ്ണ നിയന്ത്രണത്തില്‍ കാര്യക്ഷമമായി നടന്നുവരുന്നു. |
| (ബി) | ഇതിന് പ്രത്യേക നിരീക്ഷണ സംവിധാനം വകുപ്പുതലത്തില്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷന്‍ ഓഫീസര്‍